**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 233** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഗൂഗിൾ ജി സ്യൂട്ട് പ്ലാറ്റ്ഫോമിലെ വിവര സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഓൺലൈൻ ക്ലാസുകൾ നടത്തുന്നതിന് ഗൂഗിൾ ജി സ്യൂട്ട് പ്ലാറ്റ്ഫോം ഉപയോഗിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ഇതിനായി ഗൂഗിൾ ജി സ്യൂട്ട് സേവനങ്ങൾ സൗജന്യമായാണോ നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സേവനങ്ങൾ സൗജന്യമാണ്. |
| (സി) | ഗൂഗിൾ ജീ സ്യൂട്ട് പ്ലാറ്റ്ഫോം ഉപയോഗിക്കുമ്പോൾ കുട്ടികളുടെയും അധ്യാപകരുടെയും എന്തൊക്കെ വിവരങ്ങളാണ് ഗൂഗിളുമായി പങ്കുവയ്ക്കേണ്ടി വരുന്നതെന്ന് വിശദമാക്കാമോ; | (സി) | കുട്ടികളുടേയും അധ്യാപകരുടേയും സെൻസിറ്റീവായ വ്യക്തിഗത വിവരങ്ങൾ (യു.ഐ.ഡി, മൊബൈൽ ഫോൺ നമ്പർ, ഇ-മെയിൽ ഉൾപ്പെടെ) ഒന്നും ജി -സ്യൂട്ടിൽ നൽകുന്നില്ല. മാത്രമല്ല അവ ശേഖരിക്കുന്നുമില്ല. സ്കൂൾ കോഡും അഡ്മിഷൻ നമ്പരും ചേർത്തുള്ള ലോഗിൻ ഐ.ഡിയാണ് കുട്ടികൾക്ക് നൽകിയിട്ടുള്ളത്. |
| (ഡി) | റെക്കോർഡ് ചെയ്യപ്പെടുന്ന ക്ലാസ്സുകളും വ്യക്തിഗത വിവരങ്ങളും ഉൾപ്പെടെയുള്ള വിവരങ്ങൾ സൂക്ഷിക്കുന്ന സെർവ്വറുകൾ ഇന്ത്യയിൽ തന്നെ ഉള്ളവയാണോ എന്ന് അറിയിക്കാമോ; | (ഡി) | ജി-സ്യൂട്ട് വഴി ക്ലാസുകൾ നൽകുന്നതിന് പ്രയോജനപ്പെടുത്തുന്ന ഗൂഗിൾ ക്ലൗഡ് സംവിധാനം ഇന്ത്യൻ സൈബർ നിയമം (ഐ.ടി. ആക്ട് 2000) നിഷ്കർഷിക്കുന്ന എല്ലാ സ്വകാര്യസുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചും എൻക്രിപ്റ്റ് ചെയ്തുകൊണ്ടുമാണ് ഇന്ത്യ ഉൾപ്പെടെയുള്ള ഹോസ്റ്റിങ്ങ് സെർവർ ശൃംഖലകളിൽ ലഭ്യമാക്കി യിട്ടുള്ളത്. |
| (ഇ) | ഈ പ്ലാറ്റ്ഫോമിലേക്ക് കൈമാറുന്ന വിവരങ്ങൾ സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | ഗൂഗിൾ നൽകുന്ന സേവനത്തിന്റെ വിശദാംശങ്ങളിൻമേൽ നിയമ പരിശോധന നടത്തിയശേഷം, സേവനം സൗജന്യമായി രിക്കണം, വ്യക്തിഗത വിവരങ്ങൾ ഒന്നും ശേഖരിക്കരുത്, അപ്‌ലോഡ് ചെയ്യുന്ന ഡാറ്റയിൽ സർക്കാരിന് മാസ്റ്റർ കൺട്രോൾ ഉണ്ടായിരിക്കണം, പരസ്യങ്ങൾ പാടില്ല തുടങ്ങിയ വ്യവസ്ഥകളോടെയാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഐ.ടി. സാങ്കേതിക സമിതിയും കൈറ്റ് ഡയറക്ടർ ബോർഡും ജി-സ്യൂട്ട് |

| | | | |
|---|---|---|---|
| | | | ഫോർ എജ്യൂക്കേഷൻ പ്ലാറ്റ്ഫോം ഉപയോഗിക്കുന്നതിന് അനുമതി നൽകിയതും തുടർന്ന് ധാരണാപത്രം ഒപ്പിട്ടിട്ടുള്ളതും. മാത്രമല്ല, കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലുള്ള എൻ.സി.ഇ.ആർ.ടി. ഗൂഗിൾ ഇന്ത്യയുമായി ഒപ്പുവെച്ച ധാരണാ പത്രത്തിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ജി-സ്യൂട്ടിനുള്ള ധാരണാപത്രം ഒപ്പിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ